# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1543

### 2016 ഒക്ടോബർ 4ാം തീയതി മറുപടി നൽകേണ്ടത്

### പട്ടാമ്പി മണ്ഡലത്തിൽ തുക വകയിരുത്തിയിട്ടുള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | മറുപടി<br>ഡോ. റ്റി. എം. തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| --- | --- |
| എ) 2016-17 ബഡ്ജറ്റ് പ്രകാരം പട്ടാമ്പി മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികൾക്കാണ് തുക വകയിരുത്തിയിട്ടുള്ളതെന്ന വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | പട്ടാമ്പി മണ്ഡലത്തിൽ 2016-17 ലെ പുതുക്കിയ ബഡ്ജറ്റിൽ പട്ടാമ്പി ബൈപ്പാസ് - പട്ടാമ്പി ടൗൺ റെയിൽവേ അണ്ടർപാസേജ് പദ്ധതിക്കായി 10 കോടി രൂപയും പട്ടാമ്പി ചെർപ്പുളശ്ശേരി റോഡിന് 10 കോടി രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്. മണ്ഡലത്തിലെ മറ്റ് പ്രവൃത്തികളെ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു. |
| ബി) പട്ടാമ്പി മണ്ഡലത്തിൽ തുക വകയിരുത്തിയിട്ടുള്ളതും, എന്നാൽ ഇതുവരെയായി ആരംഭിക്കാത്തതോ, പൂർത്തിയാക്കാത്തതോ ആയ പദ്ധതികളുണ്ടെങ്കിൽ അവ ഏതെന്നും, എന്തുകൊണ്ടാണെന്നും വിശദമാക്കാമോ; | സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി നിയോജക മണ്ഡലം- ആസ്തി വികസന പദ്ധതിയിൻ കീഴിൽ പട്ടാമ്പി നിയോജക മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷത്തിലേക്ക് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ എം.എൽ.എ-മാരുടെ പ്രത്യേക വികസന നിധിയിൽ 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ആദ്യഗഡുവായി 25 ലക്ഷം രൂപ 20.07.2016 ലെ സ.ഉ.(സാധാ) നം. 6117/2016/ധന. പ്രകാരം ജില്ലാ കളക്ടർക്ക് അനുവദിച്ച് നല്കിയിട്ടുണ്ട്. |
| സി) പട്ടാമ്പി മണ്ഡലത്തിൽ നബാർഡ് പദ്ധതി പ്രകാരം അനുവദിച്ച പദ്ധതികളിൽ, ഇനിയും ആരംഭിക്കാത്തതോ, മുഴുവനാക്കാത്തതോ ആയ പദ്ധതികളുണ്ടെങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ? | വിവരം ശേഖരിച്ചുവരുന്നു |

Manjusha

**അക്കൗണ്ട്സ് ആഫീസർ**